**Press Release**

# ഗ്ലോബൽ ആയുർവേദ ഫെസ്റ്റിവൽ–2014 ഫെബ്രുവരി 20ന് കൊച്ചിയിൽ തുടങ്ങും

### 35 രാജ്യങ്ങളിൽ നിന്നും 4000 പ്രതിനിധികൾ പങ്കെടുക്കും

### പൊതുജനാരോഗ്യത്തിൽ ആയുർവേദത്തിന്റെ പങ്ക് എന്നതാണ് ഫെസ്റ്റിവലിന്റെ മുഖ്യ പ്രമേയം

കൊച്ചി: ഗ്ലോബൽ ആയുർവേദ ഫെസ്റ്റിവലിന്റെയും (ജി.എ.എഫ്) ഇതിനോടനുബന്ധിച്ചുള്ള ആരോഗ്യ എക്സ്പോയുടെയും രാം പതിപ്പ് ഇത്തവണ കൊച്ചിയിൽ നടക്കും. 2014 ഫെബ്രുവരി 20ന് തുടങ്ങുന്ന മേള ഫെബ്രുവരി 24ന് അവസാനിക്കും. ആയുർവ്വേദ കൂട്ടായ്മകളുടെ എക്കാലത്തെയും വലിയ സമ്മേളനമായിരിക്കും ജി.എ.എഫ് 2014. തിരുവനന്തപുരം ആസ്ഥാനമായുള്ള സെന്റർ ഫോർ ഇന്നവേഷൻ ഇൻ സയൻസ് ആന്റ് സോഷ്യൽ ആക്ഷൻ(സിസ്സ), കേരള ഗവൺമെന്റ്, എ.എം.എ.ഐ, എ.എം.എം.ഒ.ഐ, എ.എച്ച്.എം.എ, കെ.ഐ.എസ്.എം.എ,എ.ഡി.എം.എ തുടങ്ങിയ ആയുർവേദ കൂട്ടായ്മകളുടെ സംയുക്ത ആഭിമുഖ്യത്തിലാണ് ഫെസ്റ്റിവൽ സംഘടിപ്പിക്കുക.

35 രാജ്യങ്ങളിൽ നിന്നും ഏകദേശം 4000 പ്രതിനിധികൾ പങ്കെടുക്കുന്ന ജി.എ.എഫ് 2014 ആയുർവേദത്തിന്റെ മൂല്യം വിളിച്ചോതുന്ന ഒരു വേദിയായിരിക്കും. പുതിയകാല പകർച്ചാവ്യാധികൾ സമൂഹത്തിന് വെല്ലുവിളി ഉയർത്തുന്ന സാഹചര്യം കണക്കിലെടുത്താണ് പൊതുജനാരോഗ്യത്തിൽ ആയുർവ്വേദത്തിന്റെ പങ്ക് എന്ന വിഷയം ഇത്തവണത്തെ ജി.എ.എഫിന്റെ മുഖ്യ പ്രമേയമായി തെരഞ്ഞെടുത്തത്. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിൽ ആയുർവേദത്തിന്റെ സാദ്ധ്യതകൾ വളരെയധികമാണെങ്കിലും നിർഭാഗ്യവശാൽ ഇന്ന് വരെയും പരിപൂർണ്ണമായ രീതിയിൽ ഉപയോഗപ്പെടുത്തിയിട്ടില്ല. പൊതുജനാരോഗ്യത്തിൽ ആയുർവ്വേദത്തിന്റെ പ ങ്ക് എന്നത് ജി.എ.എഫ് 2014ലെ മുഖ്യചർച്ചാവിഷയമാകുന്നതും ഇതേ കാരണത്താലാണ്.

ആയുർവേദത്തിലെ പ്രത്യേക ചികിത്സാരീതികൾ,പകർച്ചാവ്യാധികൾ അല്ലാത്ത അസുഖങ്ങൾ, ഔഷധ സസ്യങ്ങൾ,ആയുർവേദ ചികിത്സാരീതികളെയും ഗ്രന്ഥരചനകളെയും സംബന്ധിച്ചുമുള്ള ഗവേഷണങ്ങൾ,കോസ്മറ്റോളജി,ന്യൂട്രീഷൻ എന്നിവ സെമിനാറിന്റെ ഉപവിഷയങ്ങളായിരിക്കും.

മുഖ്യപ്രഭാഷണം, പ്ളീനറി ലക്പൾസ്, ഓറൽ പ്രസന്റേഷൻ, പോസ്റ്റർ പ്രസന്റേഷൻ എന്നിവ ഉൾക്കൊള്ളുന്നതായിരിക്കും സെമിനാർ. ര് വർഷത്തിലൊരിക്കൽ നടക്കുന്ന ഗ്ലോബൽ ആയുർവേദ ഫെസ്റ്റിവലിൽ ആയുർവേദ രംഗത്തെ പ്രമുഖ വ്യക്തിത്വങ്ങളെല്ലാം പങ്കെടുക്കും. പാരമ്പര്യ ആരോഗ്യപരിപാലന മാർഗ്ഗമായ ആയുർവേദത്തെ സജീവമാക്കി നിലനിർത്തുന്നതിനും കൂടുതൽ പ്രശസ്തമാക്കുന്നതിനുമുള്ള സുപ്രധാന നയസമീപനങ്ങൾ കൈക്കൊള്ളുന്ന വേദിയായിരിക്കും ജി.എ.എഫ്.

ആയുർവേദത്തിന്റെ മഹത്വം വിളിച്ചോതുന്ന നിരവധി പരിപാടികൾ ഉൾക്കൊള്ളുന്നതായിരിക്കും ജി.എ.എഫിന്റെ രാം പതിപ്പ്. വ്യത്യസ്ത ചികിത്സാ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനും അക്കാദമിക വിജ്ഞാനത്തിന്റെ പുതിയ അതിരുകൾ തേടുന്നതിനുമുള്ള അന്താരാഷ്ട്ര വേദിയായിരിക്കും ജി.എ.എഫിലെ അന്താരാഷ്ട്ര സെമിനാറുകൾ.

ഇത്കൂടാതെ ആയുർവേദത്തിന്റെ തനത് പാരമ്പര്യം വിളിച്ചോതുന്ന മെഗാ എക്സിബിഷൻ, ശില്പശാലകൾ, പ്രയോഗിക പ്രദർശനങ്ങൾ, സയൻസ്, ബിസിനസ് പരിപാടികൾ എന്നിവയും ജി.എ.എഫ് 2014ന്റെ ഭാഗമായിരിക്കും.

ഗ്ലോബൽ ആയുർവേദ കമ്മ്യൂണിറ്റി, വിദ്യാർത്ഥികൾ, വൈദ്യരംഗത്തെ സാങ്കേതിക വിദഗ്ദ്ധർ, ഔഷധസസ്യങ്ങൾ ഉത്പ്പാദിക്കുന്നവർ, വ്യാപാരികൾ, രോഗികൾ, പൊതുജനങ്ങൾ എന്നിവർക്ക് പരസ്പര ആശയ വിനിമയത്തിന് ജി.എ.എഫ് 2014 വേദിയൊരുക്കും.

അന്താരാഷ്ട്ര സെമിനാറിനും ആരോഗ്യ എക്സ്പോക്കും പുറമെ ആയുർവേദ ഐക്യദാർഢ്യസംഗമങ്ങൾ,സാംസ്കാരിക-രാഷ്ട്രീയ-മാധ്യമ സംഗമങ്ങൾ, അന്താരാഷ്ട്ര ബിസിനസ് മീറ്റ്,അന്താരാഷ്ട്ര സഹകരണ സംഗമം,ആയുർവേദ വിദ്യാഭ്യാസ പ്രദർശനം, ഔഷധസസ്യങ്ങളുടെ പ്രദർശനങ്ങൾ, ആയുഷ് ക്ളീനിക്ക്, സമ്മേളനത്തിന് മുമ്പായുള്ള ശില്പശാലകൾ, നേത്രചികിത്സാ, പഞ്ചകർമ്മ എന്നിവയെല്ലാം ഫെസ്റ്റിവലിനുണ്ടാകും.

ആയുർവേദത്തെ കുറിച്ചുള്ള അവബോധം ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി ആയുർവേദ കോളേജ് വിദ്യാർത്ഥികൾ സംഘടിപ്പിക്കുന്ന ആയുർവേദ ക്ളീനിക്കുകളും ആയുർവേദ എഡ്യുക്കേഷൻ എക്സ്പോയും ഫെസ്റ്റിവലിന്റെ ഭാഗമാകും. ഇത് കൂടാതെ പ്രതിനിധികൾക്കായി ആയുർവേദസൗന്ദര്യവർദ്ധക വസ്തുക്കളുടെ നിർമ്മാണ കേന്ദ്രങ്ങളിലേക്ക് ടൂർ സംഘടിപ്പിക്കും. സാംസ്കാരിക പരിപാടികൾ,ബോധവൽക്കരണ ക്ളാസ്സുകൾ, റോഡ് ഷോ, ഡോക്യുമെന്ററി ഫിലിം ഫെസ്റ്റിവൽ, ഫോട്ടോഗ്രഫി മത്സരം എന്നിവയും മേളയുടെ ഭാഗമായിരിക്കും. ഹൈബി ഈഡൻ എം.എൽ.എ (റിസപ്ഷൻ കമ്മിറ്റി ചെയർമാൻ), ഡോ.പി.എം വാരിയർ (ചെയർമാൻ),ഡോ.എം.ആർ.വി നമ്പൂതിരി (വർക്കിങ് ചെയർമാൻ), ഡോ.ജി.വിനോദ് കുമാർ(സെക്രട്ടറി ജനറൽ) ഡോ.സജികുമാർ (വൈസ് ചെയർമാൻ), ഡോ.സി.സുരേഷ് കുമാർ (ചീഫ് കോർഡിനേറ്റർ), ഡോ.പി.ശങ്കരൻകുട്ടി, ഡോ.ബേബി കൃഷ്ണ, ഡോ.സന്ധ്യ മന്നത്ത് എന്നിവർ പത്രസമ്മേളനത്തിൽ സംബന്ധിച്ചു.

തിരുവനന്തപുരത്ത് വെച്ച് 2012ൽ നടന്ന ഗ്ലോബൽ ആയുർവേദ ഫെസ്റ്റിവലിന്റെ ഒന്നാം പതിപ്പ് ഒരു വൻവിജയമായിരുന്നു. വിദ്യാർത്ഥി സമൂഹത്തെ ഉത്തേജിപ്പിക്കാനും ആയുർവ്വേദ മേഖലയെ സംബന്ധിച്ച സംവാദങ്ങൾക്ക് വേദിയൊരുക്കാനും നയരൂപീകരണത്തെ സ്വാധീനിക്കാനും ജി.എ.എഫ് 2012ന് കഴിഞ്ഞിരുന്നു.

**സിസ്സയെക്കുറിച്ച്:**

കൂടുതൽ മെച്ചപ്പെട്ടതും, വൃത്തിയുള്ളതും ആരോഗ്യമുള്ളതുമായ ലോകത്തിന് പോളിസികൾ നിർമ്മിക്കാനും, വ്യക്തികൾക്ക് കാര്യക്ഷമമായ ഉപദേശം നലകുന്നതിനുമായി പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞൻമാർ ഉൾപ്പെടെയുള്ള വ്യക്തികളുടെ കൂട്ടായ്മയിൽ ഉള്ള നോൺ പ്രോഫിറ്റ് സർക്കാർ ഇതര സ്ഥാപനമാണ് സിസ്സ.

http://www.cissa.co.in/

**For More Info:**
Surya Grish/ 9961322711 /Rafeek Mohammed / 9947327176 [Siyahi – The Content & PR People]